## പതിനാലാം കേരള നിയമസഭ
### ഒൻപതാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2582** **06.02.2018-ൽ മറുപടിയ്ക്ക്**

### പട്ടികവർഗ്ഗ വകുപ്പ് നടപ്പിലാക്കുന്ന പുതിയ പദ്ധതികൾ

**ചോദ്യം**
**ശ്രീ.എസ്.രാജേന്ദ്രൻ**

**മറുപടി**
**ശ്രീ.എ.കെ.ബാലൻ**
**(പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പ മന്ത്രി)**

| | ചോദ്യം | | മറുപടി |
|---|---|---|---|
| എ) | ദേവികുളം നിയോജകമണ്ഡലത്തിൽ പട്ടികവർഗ്ഗ വകുപ്പ് നടപ്പിലാക്കുന്ന പുതിയ പദ്ധതികൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കുമോ; | എ) | 1. ഗോത്രജീവിക<br>2. സാമൂഹ്യ പഠനമുറി<br>3. അംബേദ്ക്കർ സെറ്റിൽമെന്റ് ഡെവലപ്മെന്റ് സ്കീം<br>4. ഗോത്ര വാത്സല്യ നിധി<br>5. പി.കെ. കാളൻ കുടുംബ ക്ഷേമ പദ്ധതി |
| ബി) | ആയത് സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കുമോ? | ബി) | 1. **ഗോത്രജീവിക**<br>പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർക്ക് സുസ്ഥിരവും, ലാഭകരവുമായ തൊഴിൽ സംരംഭങ്ങളും തൊഴിലവസരങ്ങളും സൃഷ്ടിക്കുന്നതിനായി പട്ടികവർഗ്ഗ വികസന വകുപ്പും, കേരള സർക്കാർ സ്വയം ഭരണ സ്ഥാപനമായ സെന്റർ ഫോർ മാനേജ്മെന്റ് ഡെവലപ്മെന്റ് (സി.എം.ഡി.) മായി ചേർന്ന് അവർ അധിവസിക്കുന്ന ഗ്രാമപ്രദേശങ്ങളിൽ വച്ച് പരിശീലനങ്ങൾ സംഘടിപ്പിച്ച് പരിശീലനം പൂർത്തിയാക്കുന്നവർക്ക് ഗ്രൂപ്പ് സംരംഭങ്ങൾ |

ആരംഭിക്കുന്നതിന് 'ഗോത്രജീവിക' എന്ന പദ്ധതി 2016-17 സാമ്പത്തിക വർഷം മുതൽ നടപ്പിലാക്കി വരുന്നു.

പട്ടികവർഗ്ഗക്കാർക്കുള്ള സ്വയം തൊഴിൽ പദ്ധതി പ്രകാരം 5 പേർക്ക് ഡ്രൈവിംഗ് പരിശീലനം, 30 പേർക്ക് വസ്ത്ര നിർമ്മാണ പരിശീലനം എന്നിവ നൽകുന്നതിന് ഗുണഭോക്താക്കളെ കണ്ടെത്തുന്നതിനുള്ള മുൻഗണനാ പട്ടിക തയ്യാറാക്കി പദ്ധതി നടപ്പിലാക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു.

2. **<u>സാമൂഹ്യ പഠനമുറി</u>**

പട്ടികവർഗ്ഗ കുട്ടികളുടെ കൊഴിഞ്ഞുപോക്ക് തടയുന്നതിനും വിദ്യാഭ്യാസം മെച്ചപ്പെടുത്തുന്നതിനും ഊരുകളിൽ സാമൂഹിക പഠനമുറി പ്രവർത്തിപ്പിക്കുക എന്നതാണ് ഈ പദ്ധതിയുടെ ലക്ഷ്യം.

ദേവികുളം നിയോജക മണ്ഡലത്തിൽ പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് വിദ്യാഭ്യാസ പുരോഗതി ലക്ഷ്യമിട്ടുള്ള ടി പദ്ധതിക്ക് 8 കോളനികളെ തെരഞ്ഞെടുത്തിട്ടുണ്ട്. പദ്ധതി നടപ്പിലാക്കുന്നതിനുള്ള നടപടികൾ അന്തിമ ഘട്ടത്തിലാണ്.

3. **<u>അംബേദ്കർ സെറ്റിൽമെന്റ് ഡെവലപ്മെന്റ് സ്കീം</u>**

2017-18 സാമ്പത്തിക വർഷത്തെ പദ്ധതി നിർദ്ദേശങ്ങളിൽ അംബേദ്കർ സെറ്റിൽമെന്റ്

| | | | |
|---|---|---|---|
| | | | ഡെവലപ്മെന്റ് സ്കീം (പുതുക്കിയ എ.ടി.എസ്.പി. / പ്രത്യേക പാക്കേജ്) എന്ന പദ്ധതി ഉൾപ്പെടുത്തിയിട്ടുണ്ട്. സംസ്ഥാനത്തെ പട്ടികവർഗ്ഗ സങ്കേതങ്ങളിൽ വസിക്കുന്ന പട്ടികവർഗ്ഗക്കാരുടെ സാമൂഹിക സാമ്പത്തിക വികസനമാണ് ഈ പദ്ധതികൊണ്ട് ലക്ഷ്യമിടുന്നത്.<br><br>പദ്ധതിയിൽ ഉൾപ്പെടുത്തി 7 കോളനികളിൽ ഒരു കോടി രൂപയുടെ വിവിധ ക്ഷേമ വികസന പ്രവർത്തനങ്ങൾ നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.<br><br>4. **<u>ഗോത്ര വാത്സല്യ നിധി</u>**<br><br>പട്ടികവർഗ്ഗ വിഭാഗത്തിലെ 01/04/2017 ന് ശേഷം ജനിച്ചിട്ടുള്ള പെൺകുട്ടികളുടെ വിദ്യാഭ്യാസം ഉറപ്പു വരുത്തുന്നതിനായി 2017-18 സാമ്പത്തിക വർഷത്തെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി പൊതുമേഖലാ ഇൻഷുറൻസ് കമ്പനിയായ എൽ.ഐ.സി.യുമായി സഹകരിച്ച് ഗോത്ര വാത്സല്യനിധി എന്ന പദ്ധതി നടപ്പിലാക്കി വരുന്നു.<br><br>പ്രസ്തുത പദ്ധതിയിൽ ദേവികുളം നിയോജക മണ്ഡലത്തിൽ നിന്നും 38 പട്ടികവർഗ്ഗ പെൺകുട്ടികളെ തെരഞ്ഞെടുത്തിട്ടുണ്ട്.<br><br>5. **<u>പി.കെ. കാളൻ കുടുംബ ക്ഷേമ പദ്ധതി</u>**<br><br>പട്ടികവർഗ്ഗ മേഖലകൾക്ക് പുറത്ത് എല്ലാ ജില്ലകളിലും ചിന്നിച്ചിതറി താമസിക്കുന്ന ഒറ്റപ്പെട്ട |

| | | | |
|---|---|---|---|
| | | | പട്ടികവർഗ്ഗ കുടുംബങ്ങളുണ്ട്. ഇവരുടെ എണ്ണം വളരെ കുറവായതിനാൽ പലപ്പോഴും പട്ടികവർഗ്ഗ ഉപപദ്ധതി ഫണ്ട് തദ്ദേശ ഭരണ സ്ഥാപനങ്ങൾക്ക് ലഭിക്കണമെന്നില്ല. ഇത്തരം കുടുംബങ്ങൾ ഓരോന്നിനെയും ദാരിദ്ര്യത്തിൽ നിന്നും കരകയറ്റുന്നതിന് മൈക്രോപ്ലാനുകൾ തയ്യാറാക്കണം. ഇതിനായുള്ള സർവ്വേ പൂർത്തീകരിച്ചു വരുന്നു.<br><br>പട്ടികവർഗ്ഗ ഊരുകൾക്കു പുറത്ത് ചിന്നിചിതറി താമസിക്കുന്ന പട്ടികവർഗ്ഗക്കാർക്കുള്ള പദ്ധതിയിൽ ദേവികുളം നിയോജക മണ്ഡലത്തിൽ നിന്നും 171 പേരെ തെരഞ്ഞെടുത്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ